# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

## *Laity Reflect on* Syro-Malabar Sunday Mass SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

നോമ്പ് ആറാം ഞായർ

2022
ഏപ്രിൽ 3



# അനശ്വരതയെ ആശ്ലേഷിക്കുവാൻ

നിയ 8:1-10, 1 പത്രോ 4: 12 - 19, മർക്കോ 8:31 - 9:1

സ്നാപക യോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ച യേശുവിനെ, പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിനു വേണ്ടി ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു. യേശു ദൈവപുത്രനാണെന്ന് ഏറ്റവും നന്നായി അറിയാമായിരുന്ന പിശാച് 'നീ ദൈവ പുത്രനാണെങ്കിൽ' എന്നു പറഞ്ഞു കൊണ്ടാണ് യേശുവിനെ പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നത്. അപ്പക്ഷണങ്ങളുടെയോ, അധികാരത്തിന്റെയോ, സുഖലോലുപതയുടെയോ മോഹനവാഗ്ദാനങ്ങൾക്ക് മുൻപിൽ പതറാതെ സാത്താനേ ദൂരെ പോവുക എന്നു പറഞ്ഞാണ് യേശു പ്രലോഭകനെ അകറ്റുന്നത്. ദൈവപുത്രനാ ണെന്ന അഹംഭാവം ഇല്ലാതെ, പ്രലോഭകന് മുമ്പിൽ അത് തെളിയിക്കണമെന്ന വാശി ഇല്ലാതെ, മാനുഷിക ബലഹീനതകൾക്ക് അടിമ പ്പെടാതെയാണ് യേശു ഇവിടെ പ്രതികരിച്ചത്.

യേശുവിന്റെ വിളി സ്വീകരിച്ച്, തങ്ങൾക്ക് ഉള്ളതെല്ലാം ഉപേക്ഷിച്ച് യേശുവിനോടൊപ്പം കൂടിയവരാണ് ശിഷ്യന്മാർ. യേശു പ്രവർത്തിച്ച അത്ഭുതങ്ങൾക്കും, രോഗശാന്തിയ്ക്കും, മരിച്ചവരെ ഉയിർപ്പിക്കുന്നതിനുമൊക്കെ സാക്ഷികള ായിരുന്നെങ്കിലും പലപ്പോഴും യേശു പഠിപ്പിച്ചതൊന്നും അതേ അർത്ഥത്തിൽ മനസ്സിലാക്കാൻ ശിഷ്യന്മാർക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ കൂട്ടത്തിൽ പ്രധാനിയായിരുന്ന പത്രോസ് യേശു ദൈവപുത്രനാണ് എന്ന് മനസ്സിലാക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു.

മനുഷ്യരുടെ പാപങ്ങളും ബലഹീനതകളും കൊണ്ടുണ്ടാകുന്ന മരണത്തിന്മേൽ മനുഷ്യപുത്രൻ നേടുന്ന വിജയമാണ് ദൈവരാജ്യ ത്തിന്റെ അടിസ്ഥാനമെന്ന് ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. തന്റെ സാമ്രാജ്യം സ്ഥാപിക്കുന്നതിനായി പീഡകൾ സഹിക്കേണ്ടി വരുമെന്നും, മരിക്കേണ്ടി വരുമെന്നുമൊക്കെ ശിഷ്യന്മാരോട് തുറന്ന് പറയുന്ന ഈശോയെ പത്രോസ് തടസ്സപ്പെടുത്തു ന്നതും, അതിന് ഈശോ നൽകുന്ന മറുപടിയുമാണ് ഇന്നത്തെ സുവിശേഷ ഭാഗം.

## ശിമയോൻ പത്രോസ്

ഈശോയെ ഏറ്റവുമധികം സ്നേഹിച്ച ശിഷ്യൻ.. തന്റെ ഗുരു ദൈവപുത്രനായ ക്രിസ്തുവാണെന്ന് തിരിച്ചറിഞ്ഞവൻ. ദൈവപുത്രനായ അവനെന്തിന് പീഡകൾ



ബിനി ജോസഫ്

സഹിക്കണം? എന്തിന് കുരിശിൽ മരിക്കണം? അല്ലാതെ തന്നെ സകല ത്തിന്റെയും രാജാവായി വാഴേണ്ടവൻ..

അതു മാത്രമായിരുന്നോ ഈശോയെ തടസ്സപ്പെടുത്തിയപ്പോൾ പത്രോസിനെ നയിച്ചിരുന്ന വികാരം? നാളത്തെ രാജാ വാകേണ്ട ക്രിസ്തുവിനോടൊപ്പം നിന്നാൽ, ഭാവിയിൽ അവിടുത്തെ രാജ്യം സ്ഥാപിക്ക പ്പെടുമെന്ന് അവൻ വിശ്വസിച്ചിരുന്നു. ആഡംബരപൂർണമായ കൊട്ടാരത്തിൽ, വജ്രക്കല്ലുകൾ പതിപ്പിച്ച സിംഹാസനത്തിൽ, ചെങ്കോലും കിരീടവും ധരിച്ചിരുന്ന്, കൽപ്പനകൾ പുറപ്പെടുവിക്കുന്നത് അവൻ സ്വപ്നം കണ്ടിരുന്നു. കൂടെയുള്ളവർക്കും ഇത്തരം മധുര സ്വപ്നങ്ങൾ ഉണ്ടായിരുന്നതായി അവനറിയാം.

അവരോടാണ് ഈശോയുടെ ഇമ്മാതിരിയുള്ള പേടിപ്പെടുത്തുന്ന വിവരണം.

സഹനത്തോട് ചേർന്നു നിൽക്കുവാൻ ഭയന്നിട്ടാണ് വരാനിരിക്കുന്ന സഹന ത്തെക്കുറിച്ച് പറയുമ്പോൾ അതിന്റെ യൊന്നും ആവശ്യമില്ലെന്ന രീതിയിൽ പത്രോസ് ഈശോയെ തടസ്സപ്പെടുത്തു ന്നതും, മറ്റൊരവസരത്തിൽ തള്ളിപ്പറയു ന്നതും. ഇത്രയൊക്കെ വേദനകൾ അനുഭവിക്കേണ്ടിവരുന്ന ഒരുവനോടൊപ്പം നിന്നാൽ തങ്ങൾക്കും പീഡനങ്ങൾ ഏൽക്കേണ്ടി വരുമെന്ന് ചിന്തിച്ചുകൊണ്ട് ശിഷ്യന്മാർ ഈശോയെ വിട്ടു പോകുമോയെന്നും അവൻ ഭയപ്പെട്ടു.

എന്നാൽ ഒരാളും തെറ്റിദ്ധാരണയോടെ തന്നെ പിന്തുടരരുത് എന്ന് ആഗ്രഹിച്ച ഈശോയ്ക്ക് പത്രോസിന്റെ ദുരുദ്ദേശത്തോടെ ഉള്ള ഇട പെടൽ ഇഷ്ടപ്പെട്ടില്ല. മരുഭൂമിയിലെ പ്രലോഭ കനെ അകറ്റിയത് പോലെ സാത്താനേ എന്നു അഭിസംബോധന ചെയ്തുകൊണ്ടാണ് ദൈവീകമായ വെളിപ്പെടുത്തലുകൾക്ക് തടസ്സം പിടിക്കുന്ന, മാനുഷികമായ ചിന്തയിൽ പ്രതികരിക്കുന്ന പത്രോസിനോട്

നിന്റെ ചിന്ത ദൈവികമല്ലെന്നും, എന്റെ മുന്നിൽ നിന്ന് പോകൂ എന്നും ഈശോ പറയുന്നത്. അനുദിന ജീവിതത്തിൽ നാം കാണിക്കുന്ന കുരുട്ടുബുദ്ധി, കുറുക്കുവഴി, പരദൂഷണം, പാരവയ്പ്പ്, അഴിമതി, രഹസ്യഅജണ്ടകൾ എന്നിങ്ങനെ സ്വന്തം നേട്ടങ്ങൾക്കായുള്ള മാനുഷിക ചിന്തകളിൽ പ്രവൃത്തിക്കുന്നവരെ മൊത്തത്തിൽ ഈശോ അഭിസംബോധന ചെയ്ത വാക്കാണ് സാത്താൻ. നിത്യ ജീവിതത്തിൽ എത്ര പ്രാവശ്യം ഈ അഭിസംബോധനയ്ക്ക് നാം അർഹരാകുന്നുണ്ട് എന്ന് നമുക്ക് സ്വയം വിലയിരുത്താം.

## സഹനങ്ങൾ രക്ഷയോ ശിക്ഷയോ?

സഹനങ്ങളും, മരണവുമെല്ലാം ദൈവകോപത്തിന്റെ ഫലങ്ങളാണെന്നു വിശ്വസിച്ചിരുന്ന ലോകത്തിലേക്കാണ് പീഡനങ്ങളും, തിരസ്കരണങ്ങളും ഏറ്റു വാങ്ങുന്നതിനായി, അപമാനത്തിന്റെയും ശാപത്തിന്റെയും അടയാളമായ കുരിശിൽ മരിക്കുന്നതിനായി ദൈവം മനുഷ്യ പുത്രനായി അവതരിച്ചത്. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് മനുഷ്യനെ മോചിപ്പി ക്കുന്നതിനാണ് ദൈവപുത്രൻ സ്വയം ബലിവസ്തുവായി തീർന്നത്. രോഗങ്ങളും, കഷ്ടപ്പാടുകളും, സഹനങ്ങളും, ദാരിദ്ര്യവും, മരണവുമൊക്കെ വേദനയാകുന്നത് മാനുഷിക ചിന്തകളിൽ മാത്രമാണ്. മാനു ഷിക ചിന്തകൾ ഭൗതികമായ നേട്ടങ്ങൾക്കു വേണ്ടിയുള്ള ഓട്ടത്തിലാണ്... അത് ജഡിക സന്തോഷങ്ങളും സുഖങ്ങളും അന്വേഷിച്ചു കൊണ്ടിരിക്കുന്നു. ഒരു മനുഷ്യനിൽ തന്നെ ദൈവീക ചിന്തകളും മാനുഷിക ചിന്തകളും ഉണ്ട്. മാനുഷികമായ ചിന്തയാൽ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റേണമേ എന്ന് പ്രാർത്ഥിക്കു മ്പോഴും, ദൈവീക ചിന്തയാൽ അത് എന്റെ ഇഷ്ടമല്ല എന്ന് പറഞ്ഞ് ദൈവേഷ്ടം നിറവേറ്റുവാൻ സ്വയം വിട്ടുകൊടുക്കുന്ന ഈശോയെ നമുക്ക് കാണാം. കുരിശ് മരണം വഴി ഈശോ ലോകത്തിനു നൽകിയ സഹനത്തോടുള്ള കാഴ്ചപ്പാട് അന്നുവരെ ഉണ്ടായിരുന്ന മറ്റേതൊരു വിശ്വാസ കൂട്ടായ്മയിൽനിന്നും വേറിട്ടു നിൽക്കുന്ന ഒന്നാണ്. ഈശോയുടെ കുരിശുമരണം വരെ കുരിശ് അപമാനത്തിന്റെ, മ്ലേച്ഛതയുടെ, താഴ്ത്തിക്കെട്ടലിന്റെ അടയാളം ആയിരുന്നു. ആ കുരിശ് രക്ഷയുടെ അടയാളമായി മാറിയത് കാൽവരിയിലെ ബലിയിലൂടെ യാണ്. സഹനമാകുന്ന കുരിശിന്റെ വഴിയിലൂടെ പോകാൻ ഈശോ നമ്മെ വിളിക്കുന്നത് അതിലൂടെ ദൈവീകമായ രക്ഷ അഥവാ നിത്യജീവൻ പ്രാപിക്കാൻ ആണ്.

## ക്രിസ്തുവിനെ അനുഗമിക്കുന്നവർ

എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശും എടുത്തു എന്റെ പിന്നാലെ വരുവിൻ എന്നരുളിച്ചെയ്ത ഈശോയെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്നവരാണ് നാം. എന്നാൽ ഈശോ വിളിച്ചത് അധികാരത്തിന്റെ സിംഹാസനങ്ങളിൽ ഇരിക്കാനോ, തിളങ്ങുന്ന മേലങ്കികൾ അണിയാനോ, കല്ലുകൾ പതിപ്പിച്ച കുരിശുകളിൽ മുത്താനോ, പ്രദക്ഷിണങ്ങൾക്ക് മുൻപേ സ്വർണ്ണക്കു രിശുകൾ ചുമക്കാനോ അല്ല. മറിച്ച് തനിക്കുവേണ്ടി, സുവിശേഷത്തിനു വേണ്ടി അപരനോട് ക്ഷമിക്കുവാനും, വേദനിപ്പിക്കു ന്നവനു വേണ്ടി പ്രാർത്ഥിക്കാനും, ശത്രു വിനെ പോലും സ്നേഹിക്കാനും, സഹന ങ്ങൾ ഏറ്റെടുക്കാനും, സർവ്വം ത്യജിക്കാനും, കൊലമരമാകുന്ന കുരിശു ചുമക്കാനും, സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്താനും ആണ്. ആ അർത്ഥത്തിൽ നിത്യ ജീവനിൽ പങ്കുചേരാനുള്ള ഈശോയുടെ വിളി സ്വീകരിക്കുവാൻ എനിക്കും നിങ്ങൾക്കും കഴിഞ്ഞിട്ടുണ്ടോ?

## സുവിശേഷം ആകാനും സുവിശേഷം ഏകാനും

ലോട്ടറിയെടുക്കാൻ ആഗ്രഹിക്കുന്നവരെല്ലാം ഇന്ന് സ്മിജയ്ക്ക് പിന്നാലെയാണ്. ബംബർ ഭാഗ്യത്തെക്കാൾ വിലയാണ് സ്മിജയുടെ വാക്കിന്. ഫോണിലൂടെ കടം പറഞ്ഞു വാങ്ങിയ ടിക്കറ്റിന് ആറുകോടി രൂപയുടെ സമ്മാനമടിച്ചിട്ടും മാനുഷിക ബലഹീന തകളിലും, ബന്ധുക്കളുടെയും, സുഹൃത്തു ക്കളുടെയും സ്നേഹം പൊതിഞ്ഞ പ്രലോ ഭനങ്ങളിലും വീണു പോകാതെ ആ ടിക്കറ്റ് അവകാശിയെ ഏൽപ്പിച്ച ആലുവക്കാരി സ്മിജയെക്കുറിച്ചു വായിച്ചിട്ട് അധികം നാളായിട്ടില്ല. ഈ വാർത്ത അറിഞ്ഞ തമിഴ്നാട് സ്വദേശിനി പത്മ സുബ്ബറാവു കേരളത്തിൽ വന്ന് സ്മിജയെ കാണുകയും അന്നുമുതൽ ഫോണിലൂടെ വിളിച്ചു പറഞ്ഞു ടിക്കറ്റ് എടുക്കുകയും ചെയ്തു. അങ്ങനെ അവർ എടുത്ത ടിക്കറ്റിന് കഴിഞ്ഞ ദിവസം രണ്ടാം സമ്മാനമായ 25 ലക്ഷം രൂപ അടിച്ചു. കോടികൾ സമ്പാദിക്കാനല്ല, മറിച്ച് ദാരിദ്ര്യത്തെ അതിജീവിക്കാനാണ് സ്മിജ ലോട്ടറി ടിക്കറ്റ് വിൽപ്പന തുടങ്ങിയത്. ഒപ്പം രോഗിയായ മകനെ ചികിത്സിക്കാനും. ഈ പ്രാരബ്ദമൊന്നും ദൈവീകമായി ചിന്തിക്കു ന്നതിൽ നിന്ന് സ്മിജയെ വിലക്കിയില്ല.

മുൻപൊരിക്കൽ വാർത്തകളിൽ നിറഞ്ഞ സ്മിജ സുവിശേഷം ആയി വീണ്ടും വൈറലായിരിക്കുകയാണ്. ഗാന്ധി തലയുള്ള

കടലാസിനു മുൻപിൽ സത്യസന്ധതയും, അഴിമതിരാഹിത്യവും ഒക്കെ പെട്ടിയിലടച്ച് വയ്ക്കുന്നവർ സ്മിജയുടെ സത്യസന്ധതയ്ക്ക് മുൻപിൽ തല കുനിയ്ക്കണം.

അനുദിന ജീവിതത്തിൽ ബുദ്ധിമുട്ടുകളും പരാജയങ്ങളും പ്രതികൂലസാഹചര്യങ്ങളും ഉണ്ടാകുമ്പോൾ പതറിപ്പോകുന്നവരാണ് നമ്മിൽ ഭൂരിപക്ഷവും. കല്ലുകളും മുള്ളുകളും നിറഞ്ഞ ഇടുങ്ങിയ വഴിയിലൂടെ കഷ്ടപ്പെട്ട് നടക്കാൻ നമ്മളിൽ ആരാണ് ഇഷ്ടപ്പെടുക. വേദനകളിൽ നിന്ന് ഓടിയൊളിക്കുവാനും, സമ്പന്നതയുടെയും, അധികാരത്തിന്റെയും, ആർഭാടത്തിന്റെയും എളുപ്പവഴികൾ കണ്ടെത്തുവാനും മനുഷ്യർക്ക് ഒരു സ്വാഭാവിക പ്രവണതയുണ്ട്.

എന്റെ ഈഗോയ്ക്കും, പ്രശസ്തിക്കും, അധികാരത്തിനും, മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്ന അംഗീകാരത്തിനും ഞാൻ കൂടുതൽ പ്രാധാന്യം കൊടുക്കുമ്പോൾ മാനുഷികമായി എനിക്ക് ഏറെ സന്തോഷം ലഭിക്കും. എന്നാൽ ഉള്ളിൽ കാപട്യവും, പുറമേ തേൻ പുരട്ടിയ വാക്കുകളും കൊണ്ട് സ്വാർത്ഥ താത്പര്യങ്ങൾ സംരക്ഷിച്ചെടുക്കുന്നവർക്ക് ജീവിതത്തിൽ ആത്യന്തികമായ സന്തോഷവും സമാധാനവും ലഭിക്കുന്നുണ്ടോ? കോടികളുടെ സമ്പത്തും, ആരെയും മോഹിപ്പിക്കുന്ന താരപ്പൊലിമയും കൊണ്ട് ലോക പ്രശസ്തരായ എത്രയോ പേർ നിമിഷ നേരം കൊണ്ട് സ്വന്തം ജീവിതം അവസാനിപ്പിച്ചിട്ടുണ്ട്.

സഹനങ്ങളോടുള്ള നമ്മുടെ മനോഭാവം ദൈവീകമായ ചിന്തയോട് സംയോജിപ്പിച്ചാലേ അതിൽ ആത്മീയ സന്തോഷം കണ്ടെത്താൻ നമുക്ക് സാധിക്കുകയുള്ളൂ.

‘കഷ്ടപ്പാടുകൾ ആവശ്യമാണ്, എങ്കിലേ നേട്ടങ്ങൾ ആസ്വദിക്കാനാവൂ.’
‘ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും നിങ്ങളുടെ ജീവിതത്തിലേക്ക് വരുന്നത് നിങ്ങളെ തകർക്കാനല്ല... മറിച്ച് നിങ്ങളുടെ ഉള്ളിലെ കഴിവുകളേയും ശക്തികളേയും തിരിച്ചറിയിച്ചു തന്നു സഹായിക്കാനാണ്...‘ മുൻ രാഷ്ട്രപതി ഡോ. A P J അബ്ദുൾ കലാമിന്റെ വാക്കുകളാണ്. വ്യർത്ഥമായ നേട്ടങ്ങൾക്ക് പിന്നാലെ പോകാതെ ശക്തമായ നേട്ടങ്ങൾ സൃഷ്ടിക്കാൻ വേണ്ടി സ്വയം സമർപ്പിക്കുവാൻ പഠിപ്പിക്കുക മാത്രമല്ല, സ്വന്തം ജീവിതം കൊണ്ട് അത് പ്രാവർത്തികമാക്കി കാണിച്ചു തന്ന വ്യക്തിയാണ് ഇന്ത്യയുടെ അഭിമാനമായ ഈ മിസൈൽ പുരുഷൻ

പരവതാനി വിരിച്ച വഴികളിലൂടെ മാത്രം നടക്കുവാൻ മോഹിക്കുന്ന നമ്മുടെ തന്നെ പ്രതീകമല്ലേ പത്രോസ്? എന്നാൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ച പത്രോസ് എഴുതിയ ഒന്നാം ലേഖനത്തിൽ നാലാം അധ്യായത്തിൽ ക്രിസ്തീയ സഹനത്തെക്കുറിച്ച് വിശദമായിത്തന്നെ രേഖപ്പെടുത്തുന്നുണ്ട്.

ക്രിസ്ത്യാനി എന്ന നിലയിൽ ഒരുവൻ നിന്ദിക്കപ്പെട്ടാൽ, അതിന്റെ പേരിലാണ് അവൻ പീഡ സഹിക്കുന്നതെങ്കിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ. ദൈവഹിതമനുസരിച്ചു സഹിക്കുന്നവർ നൻമചെയ്തുകൊണ്ടു വിശ്വസ്തനായ സ്രഷ്ടാവിനു തങ്ങളുടെ ആത്മാക്കളെ ഭരമേൽപിക്കട്ടെ. സഹനവും അധ്വാനവും ഇല്ലാതെ നാം നിത്യ ജീവൻ കണ്ടെത്തുകയില്ല.

## ആത്മാവിനെ നേടുന്നവർ

നമ്മുടെ സമൃദ്ധിയും ആരോഗ്യവുമെല്ലാം പലപ്പോഴും നമ്മെ അഹങ്കാരത്തിലേക്ക് നയിക്കാറുണ്ട്, നേട്ടങ്ങളെല്ലാം നമ്മുടെ കഴിവിന്റേയും, കഠിനാദ്ധ്വാനത്തിന്റെ മാത്രം ഫലമാണെന്ന് നമ്മൾ മേനി നടിക്കാറുമുണ്ട്.

എന്നാൽ, എത്ര കഠിനമായി പരിശ്രമിച്ചിട്ടും ചില ഉദ്യമങ്ങളിൽ വിജയിക്കാതെ വരികയും, എത്രയൊക്കെ ശ്രദ്ധിച്ചിട്ടും വീണു പോവുകയും, രോഗങ്ങളും മറ്റ് അസ്വസ്ഥതകളും നമ്മെ വിട്ടു പോകാതിരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിലേക്ക് തിരിയാൻ നാം പ്രേരിതരാകുന്നു. അത്തരത്തിൽ മരണക്കിടക്കയിൽ നിന്ന് ദൈവത്തിലേക്ക് തിരിയുകയും, വിശുദ്ധനായി തീരുകയും ചെയ്ത വ്യക്തിയാണ് ഈശോ സഭാ സ്ഥാപകനായ ലയോള യിലെ വിശുദ്ധ ഇഗ്നേഷ്യസ് .

ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് അവന് എന്തു പ്രയോജനം? (മർക്കോസ് 8 : 36) എന്ന വചനത്തിന്റെ അർത്ഥം മനസ്സിലാക്കി സ്വന്തം ജീവിതത്തിൽ ദൈവീക ചിന്തകൾ പ്രാവർത്തികമാക്കി വിശുദ്ധനായി തീർന്ന മനുഷ്യൻ.

## നമ്മുടെ നിക്ഷേപം

നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിക്ഷേപം എന്താണ്? എവിടെ മുതൽ മുടക്കിയാലാണ് നമുക്ക് ഏറ്റവും അധികം ആദായം ലഭിക്കുക? നമ്മുടെ സമയവും വസ്തുവകകളും സമർത്ഥമായി നിക്ഷേപിക്കുന്നതിലൂടെ നമ്മുടെ ഭാവിജീവിതം സുഗമമാക്കണം എന്ന ചിന്ത മനുഷ്യന്റെ പൊതുവായ ആഗ്രഹങ്ങളിൽ ഒന്നാണ്. എന്നാൽ, ഇന്നത്തെ വചനഭാഗത്തിലൂടെ, എന്താണ് ലാഭകരം എന്ന മനുഷ്യരുടെ സങ്കല്പത്തെ ഈശോ ചോദ്യം ചെയ്യുകയാണ്. നമ്മുടെ ജീവിതം സംബന്ധിച്ച് നാമെടുക്കുന്ന ഓരോ തീരുമാനവുമാണ് ഒരു വ്യക്തി എന്ന നിലയിൽ നാമെന്തായിത്തീരുന്നു എന്നു നിർണ്ണയിക്കുന്ന പ്രധാന ഘടകം. നമ്മുടെ തീരുമാനങ്ങളെ രണ്ടു വിധത്തിൽ സ്വാധീനിക്കാൻ നമുക്ക് സാധിക്കും എന്നാണ് ഈശോ വ്യക്തമാക്കുന്നത് – ഒന്നുകിൽ നമുക്ക് ലോകത്തിൽ കാണപ്പെടുന്നതും നശ്വരവുമായ എല്ലാം വെട്ടിപ്പിടിക്കുന്നവരാകാം; അല്ലെങ്കിൽ, കാണപ്പെടാത്തതും എന്നാൽ അനശ്വരവുമായ സ്വന്തം ആത്മാവിനെ നേടുന്നവരാകാം.

സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കാത്തവരായി ആരുംതന്നെ നമ്മുടെ ഇടയിൽ ഉണ്ടാവില്ല. ദൈവം ദാനമായിതന്ന നമ്മുടെ ജീവനെ, ആത്മാവിനെ നഷ്ടപ്പെടാതെ സംരക്ഷിക്കാൻ നാമെല്ലാവരും കടപ്പെട്ടവരാണ്. എന്നാൽ, നമ്മൾ നമ്മുടെ ജീവനെ നിലനിർത്താനും അഭിവൃദ്ധിപ്പെടുത്താനും നടത്തുന്ന ശ്രമങ്ങൾ ഒന്നും നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നവ ആകരുത് എന്നാണ് ഈശോ നമ്മോടു പറയുന്നത്.

കുടുംബത്തിലും, നാം ആയിരിക്കുന്ന സമൂഹത്തിലും സഹനങ്ങൾ ഏറ്റെടുത്തുകൊണ്ട്, മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ട്, ദൈവത്തോട് ചേർന്നുനിന്നുകൊണ്ട് സുവിശേഷം ആയി ജീവിക്കുവാനുള്ള കൃപ ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com